# UNION CHRISTIAN COLLEGE

(Affiliated to M .G University, Kottayam)
Re-Accredited By The National Assessment And Accreditation Council
(NAAC) with A Grade in 4th Cycle
Website: www.uccollege.edu.in Email: ucc@uccollege.edu.in

Post Box : 5
**ALUVA**- 683 102
Kerala

Fax: 2607534, 2609194
☎ 2609194, 2606033


## ശതാബ്ദി നിറവിലുള്ള യു.സി. കോളേജിന്
## പൂർവ്വവിദ്യാർത്ഥികളുടെ സ്നേഹോപഹാരം
## 'ഗാന്ധിമാവ് ഡിജിറ്റൽ ചലഞ്ച്

ശതാബ്ദിയാഘോഷത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തി വരുന്ന യു.സി. കോളേജിന് പൂർവ്വ വിദ്യാർത്ഥികളുടെ സ്നേഹോപഹാരമായി ഗാന്ധിമാവ് ഡിജിറ്റൽ ചലഞ്ച് പദ്ധതി വരുന്നു. കോവിഡ് പ്രതിസന്ധികാലത്ത് ഓൺലൈൻ പഠനം അവതാളത്തിലായ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപ കരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണ് ഡിജിറ്റൽ ചലഞ്ച് പദ്ധതി. ഉന്നതവിദ്യാഭ്യാസരംഗത്ത് ആയിരങ്ങൾക്ക് മാർഗ്ഗദർശനം നല്കിയ യു.സി. കോളേജിന് പൂർവ്വവിദ്യാർത്ഥികൾ തിരിച്ചു നൽകുന്ന സ്നേഹോപഹാരമാണിത്. കോളേജിലെ പൂർവ്വവിദ്യാർത്ഥിസംഘടനയുടെ ആഭിമുഖ്യത്തി ലാണ് ഡിജിറ്റൽ ചലഞ്ച് പദ്ധതി പദ്ധതി നടക്കുന്നത്.

1925-ൽ മഹാത്മാഗാന്ധി കോളേജ് സന്ദർശിച്ചപ്പോൾ കോളേജിന്റെ പൂമുഖത്ത് നട്ട മാവാണ് പിൽക്കാലത്ത് ഗാന്ധിമാവെന്ന് പേരു കേട്ടത്. ഗാന്ധിജി നേരിട്ടു നട്ടു പിടിപ്പിച്ച അപൂർവ്വം ദേശീയ സ്മാരക ചിഹ്നങ്ങളുടെ കൂട്ടത്തിലൊന്നാണ് യു.സി.യിലെ ഗാന്ധിമാവ്. യു.സി.യുടെ ആദർശദാദ മായ സാഹചര്യത്തിൽ താൻ സന്തുഷ്ടനായിരിക്കുന്നു എന്ന് ഗാന്ധിജി സ്വന്തം കൈപ്പടയിൽ സന്ദർശക ഡയറിയിൽ കുറിച്ചിട്ട വാക്കുകളെ അന്വർത്ഥമാക്കുന്ന സദുദ്യമമാണ് പൂർവ്വവിദ്യാർത്ഥി സംഘടന ഏറ്റെടുത്തിട്ടുള്ളത്.

ഡിജിറ്റൽ ഉപകരണങ്ങൾ സ്വന്തമായി ഇല്ലാത്തതു മൂലം ക്ലേശിക്കുന്ന ഇരുന്നൂറോളം വിദ്യാർത്ഥികൾക്ക് പദ്ധതിയിലൂടെ ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാകും. ക്ലാസ് അധ്യാപകർ തെരഞ്ഞെടുത്ത അർഹരായ ഇരുന്നൂറ് വിദ്യാർത്ഥികൾക്കാണ് സഹായം നൽകുന്നത്. ഇതുകൂ ടാതെ പി.ജി. വിദ്യാർത്ഥികളുടെ പഠനാവശ്യത്തിന് പതിനഞ്ചു ലാപ് ടോപ്പുകളും കോളേജിൽ ലഭ്യമാ ക്കും. അർഹരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ ദിവസാടിസ്ഥാനത്തിൽ വീട്ടിൽ കൊണ്ടുപോയി

പ്രോജക്ട് വർക്കുകളും മറ്റും ചെയ്യാൻ സൗകര്യമുണ്ടായിരിക്കും. ആധുനികസംവിധാനങ്ങളുള്ള ഡിജിറ്റൽ സ്റ്റുഡിയോയുടെ പൂർത്തീകരണത്തിനും പദ്ധതിയിലൂടെ ധനസമാഹരണം നടത്തും.

ഡിജിറ്റൽ ഉപകരണങ്ങളുണ്ടായിട്ടും മതിയായ ഡാറ്റ വാങ്ങാൻ പണമില്ലാതെ ക്ലേശിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ ഡാറ്റാ സർവ്വീസിനുള്ള ധനസഹായം നൽകാനും പൂർവ്വവിദ്യാർത്ഥി സംഘടന തയ്യാറായിട്ടുണ്ട്. ഇതിന്റെ ധനസമാഹരണത്തിനുവേണ്ടി യു.സി. കോളേജിലുള്ള സൗത്ത് ഇന്ത്യൻ ബാങ്ക് ശാഖയിൽ പ്രത്യേകം അക്കൗണ്ട് തുറന്നിട്ടുണ്ടെന്ന് പ്രിൻസിപ്പൽ അറിയിച്ചു. (അക്കൗണ്ട് നമ്പർ : 0963053000000232, IFSC Code : SIBL0000963) പദ്ധതിയിലേക്ക് ധനസഹായ വാഗ്ദാനവുമായി കുവൈററ് ചാപ്റ്റർ അടക്കമുള്ള പൂർവ്വവിദ്യാർത്ഥി സംഘടന ചാപ്റ്ററുകൾ മുന്നോട്ട് വന്നിട്ടുണ്ട്.

ഗാന്ധിമാവ് ഡിജിറ്റൽ ചലഞ്ച് സഹായപദ്ധതി വിജയിപ്പിക്കാൻ പൂർവ്വ വിദ്യാർത്ഥികൾ മുന്നോട്ടു വരണമെന്ന് മാനേജരും പ്രിൻസിപ്പലും പൂർവ്വവിദ്യാർത്ഥി സംഘടനാ ഭാരവാഹികളും അഭ്യർത്ഥിച്ചു. മൂന്ന് ലക്ഷം രൂപയുടെ പ്രാഥമിക ചെക്ക് OSA വൈസ് പ്രസിഡന്റ് അഡ്വ. അയൂബ്ഖാൻ, കോളേജ് പ്രിൻസിപ്പൽ ഡോ.ഡേവീസ് സാജു മാത്യുവിന് ഗാന്ധിമാവിൻചുവട്ടിൽ ചേർന്ന ചടങ്ങിൽവെച്ച് കൈമാറി. മാനേജർ റവ. തോമസ് ജോൺ, ജെയ്സൺ പാനികുളങ്ങര, ലാൽ പോൾ, ഡോ. മിനി ആലീസ്, ആർ.അശോകൻ, ഡോ. എം.ഐ. പുന്നൂസ്, , ഡോ. ജനി പീറ്റർ തുടങ്ങിയവർ പങ്കെടുത്തു.

UNION CHRISTIAN COLLEGE KERALA INDIA ALUVA

PRINCIPAL
UNION CHRISTIAN COLLEGE
ALUVA-2